## പതിമൂന്നാം കേരള നിയമസഭ

### അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.4036 27.6.2012-ൽ മറുപടിയ്ക്ക്

# പുളിങ്കുന്ന് താലൂക്ക് ആശുപത്രിയിൽ ആർ.ഒ., സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റുകൾ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. തോമസ് ചാണ്ടി** | **ശ്രീ. പി.ജെ ജോസഫ്**<br>(ജലവിഭവ വകുപ്പുമന്ത്രി) |
| (എ) കുട്ടനാട് പാക്കേജിൽ ഉൾപ്പെടുത്തി പുളിങ്കുന്ന് താലൂക്ക് ആശുപത്രിയിലേക്ക് അനുവദിച്ച ആർ.ഒ പ്ലാന്റും അനുബന്ധ ജോലികളും നടപ്പിലാക്കുന്നതിന് ജലവിഭവ വകുപ്പ് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കുമോ; | (എ) കുട്ടനാട് പാക്കേജിൽ ഉൾ പ്പെടുത്തി പുളിങ്കുന്ന് താലൂക്ക് ആശുപത്രിയിലേക്ക് താഴെപറയുന്ന ജോലികൾ ചെയ്യുന്നതിനുവേണ്ടി 2355600/- രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി പുളിങ്കുന്ന് താലൂക്ക് ആശുപത്രി സൂപ്രണ്ടിന് 29.5.2012-ൽ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത തുക അടയ്ക്കുന്ന മുറയ്ക്ക് ജോലികൾ ചെയ്യുന്നതാണ്.<br>1. കുഴൽകിണർ നിർമ്മാണം<br>2. ആർ.ഒ പ്ലാന്റ് സ്ഥാപിക്കൽ<br>3. 5000 ലിറ്റർ ശേഷിയുള്ള സിന്റെക്സ് ടൈപ്പ് ടാങ്ക് ഫൗണ്ടേഷൻ നിർമ്മിച്ച് അതിൽ സ്ഥാപിക്കൽ<br>4. ഓപ്പറേഷൻ തീയറ്ററിലെ ആവശ്യത്തിനായി 1000 ലിറ്റർ ശേഷിയുള്ള സിന്റെക്സ് ടൈപ്പ് ടാങ്ക് സ്ഥാപിക്കൽ |

| | | | |
|---|---|---|---|
| | | | 5. നിലവിലുള്ള ടാങ്കും പുതുതായി നിർമ്മിക്കുന്ന കുഴൽകിണറും വിതരണ കുഴലുകളും തമ്മിൽ യോജിപ്പിക്കുന്ന പണികൾ<br>6. പമ്പ് ഹൗസ് നിർമ്മാണം.<br>7. ഇലക്ട്രോ ക്ലോറിനേറ്റർ സ്ഥാപിക്കൽ<br>8. നിലവിലുള്ള ടാങ്കിന്റെ തൂണുകളുടെ അറ്റകുറ്റ പണിക്കും 5000 ലിറ്റർ സിന്റെക്സ് ടൈപ്പ് ടാങ്ക് സ്ഥാപിക്കലും. |
| (ബി) | റിവേഴ്സ് ഓസ്മോസിസ് പ്ളാന്റും സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റും സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ? | (ബി) | ആർ.ഒ പ്ലാന്റും മേൽപ്പറഞ്ഞ അനുബന്ധ ജോലികളും എസ്റ്റിമേറ്റ് തുക അടയ്ക്കുന്ന മുറയ്ക്ക് സ്ഥാപിക്കാവുന്നതാണ്. സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് മേൽപ്പറഞ്ഞ എസ്റ്റിമേറ്റിൽ ഉൾ പ്പെടുത്തിയിട്ടില്ല. |

സെക്ഷൻ ഓഫീസർ